

# സൈലന്റ് വാലി ദേശീയോദ്യാനത്തിന്റെ കാൽ നൂറ്റാണ്ട്; കേരളത്തിലെ മാറ്റങ്ങളുടേയും !

എസ്. ഉണ്ണികൃഷ്ണൻ

**കേരളത്തിൽ ഹരിതരാഷ്ട്രീയത്തിനും വികസനവും പരിസ്ഥിതിയും തമ്മിലുള്ള ആശയസംഘട്ടനത്തിനും തുടക്കം കുറിച്ച സൈലന്റ്‌വാലി പ്രക്ഷോഭത്തിന് ഇരുപത്തഞ്ച് വയസ് തികഞ്ഞു. പരിസ്ഥിതിവാദികൾ വികസനത്തിന് തുരങ്കം വയ്ക്കുന്നവരാണെന്ന ഇന്നും നിലനിൽക്കുന്ന ശക്തമായ സാമൂഹിക ധാരണയുടെ തുടക്കവും അവിടെ നിന്നായിരുന്നു. എതിർപ്പുകളെയെല്ലാം അവഗണിച്ച് ഒരുകൂട്ടം വികസന വിരോധികൾ പശ്ചിമഘട്ടത്തിലെ ഈ അപൂർവ്വ ജൈവകലവറയെ സംരക്ഷിക്കാൻ മുന്നോട്ട് വന്നു. കുന്തിപ്പുഴയ്ക്ക് കുറുകെ വരാനിരുന്ന അണക്കെട്ടിനെ തടയാനും കേരളീയ സമൂഹത്തിൽ ശക്തമായൊരു പാരിസ്ഥിതിക അവബോധം സൃഷ്ടിക്കാൻ കഴിയുകയും ചെയ്ത പ്രക്ഷോഭത്തിന്റെ ഇരുപത്തഞ്ചാം വാർഷികത്തിലെത്തുമ്പോൾ സൈലന്റ്‌വാലിയ്ക്ക് ശേഷം കേരളത്തിന്റെ പാരിസ്ഥിതിക രംഗത്തുണ്ടായ ഇടർച്ചകളെ വിമർശനാത്മകമായി ഈ ലേഖനം വിലയിരുത്തുന്നു.**

ഇരുപത്തഞ്ച് കൊല്ലം മുമ്പ് സൈരന്ധ്രിയിലെ കുന്തിപ്പുഴത്തീരത്തേക്ക് ലച്ചിയമ്മൻ എന്ന ആദിവാസി മൂപ്പനോടും സുഹൃത്തുക്കളോടുമൊപ്പം നടന്നത് ഒരു പൗർണമി രാത്രിയിലെ സ്വപ്നം പോലെ. കേരളത്തിലെ പരിസ്ഥിതി സ്നേഹികൾ കോരിത്തരിച്ച നാൾ ! ഇനിയെല്ലാം ശുഭം എന്നു കരുതി വിശാലമായ പരിസ്ഥിതി ചർച്ചകളിലേക്ക്,ആണവ മാലിന്യം മുതൽ ടൂറിസം വരെ, കുതിച്ച എൺപതുകൾ. ഏഴിമല മുതൽ അഗസ്ത്യകൂടം വരെ നടത്തിയ യാത്രകൾ.

തൊണ്ണൂറുകളിൽ സുന്ദർ ലാൽ ബഹുഗുണ ഉദ്ഘാടനം ചെയ്ത സമര പരിപാടികളുടെ തുടർച്ചയായി വർഷങ്ങളോളം നീണ്ട ആ ക്യാംപയിൻ സംസ്ഥാന ഗവർമെന്റിനെക്കൊണ്ട് നിലപാടുകളെടുപ്പിച്ചു. എന്നാൽ സാമൂഹ്യ വനവൽക്കരണത്തിന്റെ പേരിൽ കാട്ടിലും നാട്ടിലും അക്കേഷ്യ-യൂക്കാലിപ്റ്റസ് വച്ചു പിടിപ്പിച്ചിരിക്കുന്നതിൽനിന്ന് പിന്തിരിപ്പിക്കാൻ അന്നും കഴിഞ്ഞില്ല. പുതിയ ഒരു അഭയാരണ്യം പ്രഖ്യാപിക്കാനും 2006ൽ കുറിഞ്ഞി പൂത്തകാലം ആകേണ്ടിവന്നു!

പക്ഷെ ഏറെ വർഷങ്ങളി പ്രകൃതി സഹവാസ ക്യാംപുകളുടേയും ചർച്ചകളുടേയും ഫലത്തെക്കുറിച്ച് ഇന്ന് ആലോചിച്ചു നോക്കുമ്പോൾ തൊണ്ണൂറുകളുടെ മദ്ധ്യത്തോടെ ഒരു അന്യവൽക്കരണത്തിന്റെയോ പാർശ്വവൽക്കരണത്തിന്റേയോ തുണ്ടങ്ങളായി (fragmentation) പോകുന്നതിന്റെയോ ലക്ഷണങ്ങൾ കണ്ടു തുടങ്ങിയിരുന്നു.

നർമ്മദാ-തെഹ്‌രി അണക്കെട്ടുകളുമായി ബന്ധപ്പെട്ട കുടിയൊഴിപ്പിക്കലുകളിലേക്കും സമര

ങ്ങളിലേക്കും കേരളത്തിലെ പരിസ്ഥിതിപ്രവർത്തനം വ്യാപിച്ചിരുന്നു. ഭോപ്പാൽദുരന്തത്തിന്റെയും രാസ- കൃഷി വ്യവസായങ്ങളുടേയും അപകടങ്ങളെക്കുറിച്ച് ചർച്ചകൾ സജീവമായിത്തീർന്നു. പുഴമണൽ ഖനനത്തിനെതിരെയുള്ള പുഴ സംരക്ഷണസമിതികളുടെ സമര യാത്രകൾ, മൽസ്യത്തൊഴിലാളിസംരക്ഷണത്തിനുള്ള സമരങ്ങൾ ഇങ്ങിനെ വിവിധ വിഷയ ങ്ങളിലേക്ക് ശ്രദ്ധ തിരിച്ചപ്പോൾ, പലപ്പോഴും കേരളത്തിന്റെ നിലനില്പ്പിനാ ധാരമായ പശ്ചിമഘട്ട വന-മലനിര കൾ മുഖ്യശ്രദ്ധയിൽനിന്ന് തെന്നി മാറിയോ? ഈ ഒരു ചോദ്യം ഗൗരവതരമായി നിലനില്ക്കുമ്പോഴേക്കും വനന യത്തിലെ മാറ്റം കൂടി കാരണ മാകാം. കാട്, പുഴ എന്നിവയെല്ലാം 'എക്കോ ടൂറിസം" ലേബലിലേക്ക് മാറിപ്പോയോ? വന്യതയുടെ അഭയാരണ്യങ്ങളിലേക്ക് നഗര വാഹനങ്ങളുടെയിരമ്പൽ അസഹ്യമായി തുടങ്ങിയിരുന്നു. അതി ന്റെ ഒരു ദാരുണാന്ത്യംപോലെ തേക്കടിയിലെ ബോട്ടപകടവും! പ്രകൃതി തരുന്ന ചില സിഗ്നലുകൾ സമൂഹത്തിന് വളരെ വൈകി മനസ്സിലാകുന്നതാകാം ഇത്തരം ദുരന്തങ്ങൾക്ക് കാരണം.

കേരളത്തിലെ വനങ്ങളിൽ 2000ന് ശേഷം കാട്ടുതീ ഗണ്യമായി കൂടി. നാശം ഭീകരമായിരുന്നു. വനസംരക്ഷണ സമിതികൾ - ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ വന്നതും ഇതേ കാലയളവിൽ തന്നെയായിരുന്നു. പരിസ്ഥിതി ദുർബല പ്രദേശമെന്ന പേരിൽ കൃഷി ഭൂമി ഏറ്റെടുത്തതിനെതിരെ കർഷകരുടെ പ്രരോദനങ്ങളുണ്ടായി. അഭയാരണ്യത്തിൽ തന്നെ കുടിൽ കെട്ടി ആദിവാസിഭൂസമരങ്ങളു ണ്ടായി. ഏറ്റവുമൊടുവിൽ പുതിയ ആദിവാസിവനാവകാശ നിയമവും പാർലമെന്റു പാസ്സാക്കി. അപ്പോൾതന്നെ പശ്ചിമ ഘട്ടവനം എന്ന കേരള ത്തിന്റെ നിലനില്പിന്റെ അടിത്തറയിൽ നിന്ന് സമൂഹം അന്യവൽക്കരിക്കപ്പെടുകയായിരുന്നു.

പുതിയ ഉപഭോഗ സംസ്കാരവും നെറ്റ് വർക്കിംഗും എല്ലാം സമൂഹത്തിന്റെ സ്വപ്നങ്ങളുടെ ത്രിമാനതയെ കംപ്യൂട്ടർ സ്ക്രീനിന്റെ ദ്വിമാനതയിലേക്ക് ചുരുക്കിയോ? പ്രകൃതി സംരക്ഷണത്തിനടിസ്ഥാനമായ 'ബന്ധങ്ങളെ'പ്പറ്റി മനസ്സിലാക്കുവാനുള്ള മനുഷ്യമനസ്സിന്റെ കഴിവ് കുറഞ്ഞതോ, തുടർച്ച നഷ്ടപ്പെട്ടതോ? വന്യതയെ ഉൾക്കൊള്ളുന്ന ആത്മീയത ചേർന്നു പോയതോ? ഏതായാലും രണ്ടായിരത്തിലെ ആദ്യ ദശകം അവസാനിക്കുമ്പോൾ സമൂഹത്തിന് 'ഓട്ടിസം' ബാധിച്ചപോലെ തോന്നുന്നു.

2000നുശേഷം നിരവധി പരിസ്ഥിതി സമരങ്ങളുണ്ടായി. എന്റോസൾഫാൻ, ഏലൂർ മലിനീകരണം, പ്ലാച്ചിമട, അതിരപ്പിള്ളി... പേരുകള വസാനിക്കുന്നില്ല. ടെലിവിഷൻ മാധ്യമ സംസ്കാരത്തിന്റെ ഗുണദോഷങ്ങൾ ഇവയിലെല്ലാം പ്രതിഫലിച്ചു. വളരെ പെട്ടെന്ന് ചർച്ചകൾ തുടങ്ങാൻ സാധിച്ചു. അതുപോലെ മറക്കാനും!

തൊണ്ണൂറുകളുടെ മധ്യത്തിൽ നടപ്പിൽവന്ന പരിസ്ഥിതി സംരക്ഷണനിയമത്തിന്റെ ബലത്തിൽ ഏലൂരിൽ പ്രാദേശിക മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കാൻ സാധിച്ചു. പക്ഷെ പരിസ്ഥി സംരക്ഷണ നിയമത്തിന്റെ സാധ്യതകൾ, ന്യൂനതകൾ പൊതു സമൂഹത്തിലെത്തിക്കാനുള്ള ഗൃഹപാഠം ശരിക്കും ചെയ്തില്ല. അതൊരു വലിയ കുറവായി നിലനില്ക്കുന്നു. ജലനയം, വനനയം, വയൽ നികത്തലിനെതിരെ നിയമം എന്നിങ്ങനെ പരക്കെ ചർച്ച ചെയ്യപ്പെട്ട വിഷയങ്ങൾ പൂർത്തീകരിക്കാനാകാത്തും ഒരു പക്ഷേ പരിസ്ഥിതി സംരക്ഷണത്തിന്റെ ഗാഢത നമ്മുടെയുള്ളിൽ വേണ്ടത്ര ശക്തമായി, സമഗ്രമായി നിലനില്ക്കാത്തതുകൊണ്ടാണോ? അതോ വിഷയങ്ങളുടെ ആധിക്യം നിമിത്തം ചിതറിപ്പോകുന്നതോ?

കാലാവസ്ഥാ വ്യതിയാന ചർച്ചകൾ മുതൽ ബി. ടി. വഴുതനങ്ങ വരെ എത്തി നില്ക്കുന്ന പിടിയിലൊതുങ്ങാ ത്തവണ്ണം കാര്യങ്ങൾ വഷളാ യതിന്റെ പ്രത്യാഘാതമോ?

സൈലന്റ് വാലിയിൽ നിന്ന് പുറപ്പെടുമ്പോഴുണ്ടായ സമഗ്രത ഛിന്നഭിന്നമാകുന്ന ചിത്രമാണ് കാൽ നൂറ്റാണ്ടു കഴിയുമ്പോൾ കാണാനാവുന്നത്. ജൈവവൈവിധ്യ സംരക്ഷണത്തിനുള്ള സ്ഥാപനങ്ങൾ നിലവിൽ വന്നു. പക്ഷെ ജൈവവൈവിധ്യം മനസ്സിലാക്കണമെന്നും സംരക്ഷിക്കണമെന്നും പ്രധാന അജന്റയായി എടുത്ത ഒരു പൊതു സമൂഹചർച്ച തുടങ്ങുന്നില്ല.

സൈലന്റ്‌വാലി മുതൽ കേട്ടു പോരുന്ന ഒരു വാദം ഇപ്പോഴും സമൂഹത്തിൽ നിലനില്ക്കുന്നതാണ്- പരിസ്ഥിതി വാദികൾ വികസനത്തിനെതിരേ! സ്വന്തം മാലിന്യങ്ങളിൽ മൂക്കുപൊത്തി നില്ക്കുമ്പോഴും ഇത്തരമൊരു സന്ദേശം പ്രചരിച്ചു പോരുന്നതിന്റെ കാരണമെന്താകാം? സ്വന്തം നിലനില്പ്പിനെക്കുറിച്ചുപോലും ആശങ്കപ്പെടാത്ത ഒരു സമൂഹമായി മാറിത്തീരലായിരുന്നുവോ നാം കണ്ടുകൊണ്ടിരുന്നത്. എങ്കിൽ കേരളം ഒരു നിശ്ശബ്ദ താഴ്‌വര'യായി മാറിക്കഴിഞ്ഞിരിക്കുന്നു.

*കാർത്തിക*
*ഒല്ലൂർ, തൃശൂർ*

## സൈലന്റ്‌വാലി ജനകീയ രജതജൂബിലി

ഡിസംബർ 10, 11 തീയ്യതികളിൽ കോഴിക്കോട്ട് മലബാർ ക്രിസ്ത്യൻ കോളേജിൽ വെച്ച് രണ്ട് ദിവസത്തെ സൈലന്റ്‌വാലി രജതജൂബിലി ആഘോഷം സംഘടിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നു. സൈലന്റ്‌വാലി സമരത്തിന് നേതൃത്വം നൽകിയ പ്രമുഖ പരിസ്ഥിതി പ്രവർത്തകരുടെ അനുഭവങ്ങൾ പങ്കുവെക്കൽ, ജീവന്റെ നിലനിൽപ്പിന് ആധാരമായ ആവാസവ്യവസ്ഥകളുടെ നാശത്തിലേയ്ക്ക് നയിക്കുന്ന രൂക്ഷമായ പ്രശ്നങ്ങളെക്കുറിച്ചുള്ള സെമിനാർ, കവിയരങ്ങ്, ഫോട്ടോ പ്രദർശനം മുതലായവയാണ് പ്രധാന പരിപാടികൾ. സുന്ദർലാൽ ബഹുഗുണ, സുഗതകുമാരി, പ്രൊഫ. എം.കെ. പ്രസാദ്, പാണ്ഡുരംഗ ഹെഗ്‌ഡെ, കമൽസായി തുടങ്ങിയവർ പരിപാടിയിൽ പങ്കെടുക്കും.
ജീവന്റെ ആധാരമായ പ്രകൃതി ഏറ്റവും കടുത്ത വെല്ലുവിളി നേരിടുന്ന ഇന്നത്തെ പ്രതിസന്ധി ഘട്ടത്തിൽ ഈ പരിപാടിയുടെ വിജയത്തിന് താങ്കളുടെ സർവ്വവിധ പിന്തുണയും അഭ്യർത്ഥിക്കുന്നു.

എൻ. ബാദുഷ
കൺവീനർ, സൈലന്റ് വാലി
ജനകീയ രജതജൂബിലി
ആഘോഷകമ്മിറ്റി
ഫോൺ : 04936-270222